(സി) ഇവ നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ പൊതു വിഭാഗത്തിലെ ജനസംഖ്യ പട്ടിക വർഗ്ഗ ജനസംഖ്യ, വനപ്രദേശങ്ങൾ ഒഴിച്ചുള്ള ഭൂപ്രദേശം, നെൽകൃഷി പ്രദേശത്തിന്റെ വിസ്തൃതി, തനതു വരുമാനം, കർഷക തൊഴിലാളികൾ, കാലി വളർത്തൽ, മത്സ്യ ബന്ധനം തുടങ്ങിയ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ, നാമമാത്ര തൊഴിലാളികൾ, കക്കൂസ് ഇല്ലാത്ത വീടുകൾ, വൈദ്യുതി ഇല്ലാത്ത വീടുകൾ എന്നീ സൂചകങ്ങളുടെ വെയിറ്റേജിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി വിഹിതം നൽകുന്നത്.

(ബി) സർക്കാർ നവീകരണ പരിപാടിയിൽ (എം.ജി.പി.) തദ്ദേശഭരണ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടി 2003-04-ലെ ബഡ്ജറ്റിൽ 244.95 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

(സി) നവീകരണ പരിപാടികൾക്ക് വേണ്ടിയുള്ള ഉപസമിതികളും ടാസ്ക് ഫോഴ്സുകളും സമർപ്പിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ അന്തിമ തീരുമാനം ആയതിനുശേഷം മാത്രമേ നിബന്ധനകൾ വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം, ഫീസ് ഘടന എന്നിവ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശം

20 (*170) ശ്രീമതി മേഴ്സി രവി :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്കുള്ള പ്രവേശനം, ഫീസ് ഘടന എന്നിവ സംബന്ധിച്ച് കേന്ദ്രഗവൺമെന്റിൽ നിന്നും ഏതെങ്കിലും മാർഗ്ഗ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ;

(സി) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം, ഫീസ് ഘടന എന്നിവയുടെ കാര്യത്തിൽ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ടോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഉണ്ട്.

(ബി) പ്രസ്തുത മാർഗ്ഗരേഖകളിൽ ചിലത് താഴെ കൊടുക്കുന്നു.

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ അൺഎയ്ഡഡ് സ്ഥാപനങ്ങളിലെ ഫീസ് അതാത് സ്ഥാപനങ്ങൾക്കു തന്നെ നിശ്ചയിക്കാവുന്നതും എന്നാൽ അത് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ഏറ്റവും കൂടിയ നിരക്കിൽ കവിയാൻ പാടില്ലാത്തതുമാണ്. സംസ്ഥാന സർക്കാരിന്റെ നിയമവും നയവും അനുസരിച്ച് ഒരു സ്ഥാപനത്തെ എയ്ഡഡ്/ അൺ എയ്ഡഡ് എന്നോ ന്യൂനപക്ഷമെന്നോ അല്ലെന്നോ സംസ്ഥാന സർക്കാരിന് നിശ്ചയിക്കാവുന്നതാണ്.

മെരിറ്റടിസ്ഥാനത്തിൽ സ്വകാര്യ അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളുടെ സീറ്റുകളുടെ ശതമാനം സംസ്ഥാന സർക്കാരിന് നിശ്ചയിക്കാവുന്നതാണ്. അപ്രകാരം ഉള്ള സീറ്റുകളുടെ ഫീസ് നിരക്ക് അതാത് സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാവുന്നതും കൗൺസിലിംഗിനു മുമ്പായി പ്രസ്തുത ഫീസ് നിരക്കിന് സംസ്ഥാന സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതുമാണ്.

സ്വകാര്യ അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ ഏറ്റവും കുറഞ്ഞത് 75 ശതമാനം സീറ്റുകൾ സർക്കാർ ഏജൻസി നടത്തുന്ന പൊതുപ്രവേശന പരീക്ഷ വിജയിച്ചവരിൽ നിന്നായിരിക്കണം. ന്യൂനപക്ഷ പദവി ഇല്ലാത്ത പ്രൈവറ്റ് എയ്ഡഡ് സ്ഥാപനങ്ങളിലെ എല്ലാ സീറ്റുകളും റിസർവേഷൻ നയങ്ങൾ പാലിച്ചുകൊണ്ട് പൊതു പ്രവേശന പരീക്ഷ പാസ്സായവരിൽ നിന്നും കൗൺസിലിംഗ് മുഖേന സംസ്ഥാന സർക്കാരിന് നികത്താവുന്നതാണ്.

പ്രസ്തുത സ്ഥാപനങ്ങളിൽ പ്രവേശനം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് സംസ്ഥാന സർക്കാർ വേണ്ടുന്ന നിയമങ്ങൾ/ മാർഗ്ഗരേഖകൾ പുറപ്പെടുവിക്കേണ്ടതാണ്.

പ്രസ്തുത സ്ഥാപനങ്ങൾ ഈടാക്കുന്ന ഫീസ് നിരീക്ഷിക്കുന്നതിനായി ഒരു സ്റ്റാന്റിംഗ് കമ്മിറ്റി സർക്കാർ രൂപീകരിക്കേണ്ടതാണ്.

(സി) കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇതു സംബന്ധിച്ച മാർഗ്ഗരേഖ അടുത്തകാലത്താണ് സംസ്ഥാന സർക്കാരിന് ലഭിച്ചത്. ഇത് പരിശോധിച്ചു വരുന്നു.

പേ വിഷബാധയ്ക്കെതിരെയുള്ള വാക്സിൻ

21 (*171) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പേ വിഷബാധക്കെതിരെയുള്ള ആന്റി റാബീസ് വാക്സിന്റെ വിതരണം നിർത്തിവയ്ക്കാൻ ഗവൺമെന്റ് ഉത്തരവായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നടപടിമൂലം പേ വിഷബാധിച്ചവർ നേരിടുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പേ വിഷബാധക്കെതിരെയുള്ള വാക്സിന്റെ ക്ഷാമം പരിഹരിക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly